പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1320

13.07.2016 ൽ
മറുപടിക്ക്

## അങ്കമാലി ബസ് ഡിപ്പോയിൽ പോലീസ് എയ്ഡ് പോസ്റ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോജി. എം. ജോൺ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) അങ്കമാലി ബസ് ഡിപ്പോയിൽ സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിന് വനിതാ പോലീസിന്റെ സേവനമോ, പോലീസ് എയ്ഡ് പോസ്റ്റോ ഇല്ലാ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

ബി) എങ്കിൽ ഇവിടെ വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ) യും (ബി) യും പോലീസ് എയ്ഡ് പോസ്റ്റ് ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലേയ്ക്ക് അങ്കമാലി പോലീസ് സ്റ്റേഷനിൽ നിന്നും ഏകദേശം 50 മീറ്റർ ദൂരം മാത്രമാണ് ഉള്ളത്. നിലവിൽ പിങ്ക് ബീറ്റ് ഉൾപ്പെടെയുള്ള വനിതാ പോലീസിന്റെ സേവനം ബസ് സ്റ്റാൻഡിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനിലെ വാഹനങ്ങൾ അടിക്കടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. നിലവിൽ അങ്കമാലി ബസ് ഡിപ്പോയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ